പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1160 — 11.7.2011-ൽ മറുപടിക്ക്

## "എൻഡോസൾഫാൻ ദുരിതബാധിതർക്കായി ക്ഷേമ പദ്ധതികൾ"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.എ.മാധവൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) എൻഡോസൾഫാൻ ദുരിതബാധിതർക്കായി എന്തെല്ലാം പുതിയ ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) കാസർഗോഡ് ജില്ലയിലെ 11 ഗ്രാമപഞ്ചായത്തിലെ ദുരിതബാധിതരുടെ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ച സെല്ല് വഴി താഴെ പറയുന്ന സേവനങ്ങളാണ് ലഭ്യമാക്കിയത്.<br>1. വിദഗ്ദ്ധ ചികിത്സ നിർദ്ദേശിക്കപ്പെട്ട രോഗികൾക്ക് ആയത് ലഭ്യമാക്കൽ.<br>2. ദീർഘകാലം മരുന്നു കഴിക്കാൻ നിർദ്ദേശിക്കപ്പെട്ട രോഗികൾക്കുള്ള മരുന്ന് ലഭ്യമാക്കൽ.<br>3. ദുരിതബാധിതരിൽ ശാരീരിക വൈകല്യം അനുഭവിക്കുന്നവർക്കുള്ള ദൃശ്യ-ശ്രാവ്യ-ചലനോപകരണങ്ങൾ ലഭ്യമാക്കൽ.<br>രോഗികൾക്ക് ചികിത്സാ ആശ്വാസ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 2007-ൽ സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുടർന്ന് 2010-ൽ CMDRF -ൽ നിന്ന് 15 ലക്ഷം രൂപ കൂടി അനുവദിച്ചു.<br><br>ആരോഗ്യമേഖലയിൽ നിലവിലുള്ള സംവിധാനങ്ങൾക്കു പുറമെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ നൽകുന്നതിനായി ജില്ലയിൽ 3 മൊബൈൽ മെഡിക്കൽ ടീമുകൾ നിലവിലുണ്ട്. അലോപ്പതി-ആയുർവേദ- |

| | |
|---|---|
| | ഹോമിയോ ഡോക്ടർമാർ, ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മാനസിക വൈകല്യമുള്ളവരെ പരിശീലിപ്പിക്കുന്നതിനുള്ള Special Educator, Psychiatric Social Worker എന്നിവരടങ്ങുന്ന മെഡിക്കൽ സംഘം ആശുപത്രികളിലും കിടപ്പിലായ രോഗികളുടെ വീടുകളിലുമെത്തി ചികിത്സ ലഭ്യമാക്കുന്നു. ഇതിനകം 2430 ആളുകൾ ഈ ടീമിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആവശ്യാനുസരിച്ച് തുടർചികിത്സ കൂടി ലഭ്യമാക്കി വരുന്നു. |
| | കിടപ്പിലായ രോഗികൾക്ക് സാന്ത്വനചികിത്സ ലഭ്യമാക്കുന്നതിനായി 11 ഗ്രാമപഞ്ചായത്തുകളിലും സ്റ്റാഫ് നഴ്സിനെ നിയമിക്കുകയും ഓരോ വാഹനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനവും ഇവിടങ്ങളിൽ ലഭ്യമാണ്. |
| | വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് ആയത് പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് 11 ആശുപത്രികളിൽ ആവശ്യമായ ക്രമീകരണം വരുത്തിയിട്ടുണ്ട്. |
| | കിടപ്പിലായവരും ഗുരുതരമായ അസുഖങ്ങൾ ബാധിച്ചവരുമായ രോഗികൾക്ക് പ്രതിമാസം 2000/- രൂപയും അല്ലാത്തവർക്ക് പ്രതിമാസം 1000 രൂപയും സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി തുക വിതരണം ചെയ്തുവരുന്നു. |
| | തദ്ദേശഭരണസ്ഥാപനങ്ങളിൽ ബഡ്സ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കു |

ന്നതിനായി NRHM പദ്ധതിയുടെ ഭാഗമായി 166 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കേന്ദ്ര ആയുഷ് വകുപ്പിന്റെ ധനസഹായത്തോടുകൂടി ചെറുതുരുത്തി ദേശീയ പഞ്ചകർമ്മ ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ്, ചീമേനി എന്നീ ആയുർവേദ ആശുപത്രികളിലായി എൻഡോസൾഫാൻ ദുരിതബാധിതർക്ക് പഞ്ചകർമ്മ ചികിത്സയുള്ള ക്രമീകരണം ഏർപ്പെടുത്തുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട 50 രോഗികൾക്ക് ഇതിന്റെ ഭാഗമായി സേവനം ലഭ്യമാക്കുന്നതാണ്.

സെല്ലിന്റെ പ്രവർത്തനം ആരംഭിച്ച സമയത്തുണ്ടായിരുന്ന സ്ഥിതിയിൽ നിന്നും വ്യത്യസ്ഥമായി നേരത്തെ ഉൾപ്പെട്ട 11 ഗ്രാമപഞ്ചായത്തുകൾക്ക് പുറത്തുനിന്നുള്ള 22 ഗ്രാമപഞ്ചായത്തുകളിലെയും ആളുകൾകൂടി ദുരിതബാധിതരുടെ നിലവിലുള്ള പട്ടികയിൽ ഉൾപ്പെടുന്നു. കൂടാതെ ദുരിതബാധിതരായവരുടെ പ്രവർത്തനങ്ങൾക്കായി കാസർഗോഡ് കളക്ടറേറ്റിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമെന്നും, എ.പി.എൽ. വിഭാഗത്തിൽപ്പെട്ട റേഷൻകാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റുമെന്നും രോഗികൾക്ക് മംഗലാപുരത്തുള്ള മൂന്ന് ആശുപത്രികളിൽ കൂടി ചികിത്സയ്ക്കുള്ള സൗകര്യം ചർച്ചചെയ്യുമെന്നും ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ബഡ്സ് സ്കൂളുകൾക്ക് 25 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യം, കുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, കൃത്രിമ അവയവങ്ങൾ ലഭ്യമാക്കുന്ന കാര്യം എന്നിവയും പരിഗണിക്കുമെന്ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) ദുരിതബാധിതർക്കുള്ള ധനസഹായം ലഭിക്കുന്നതിന് അർഹരായ എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | ബി) നിലവിൽ എൻഡോസൾഫാൻ ദുരിതബാധിതരായി 4273 പേർ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| സി) മുൻ സർക്കാർ എത്ര കുടുംബങ്ങൾക്ക് സഹായം നൽകിയെന്നും എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ; | സി) ദുരിതബാധിതരായി മരണമടഞ്ഞ 178 പേരുടെ കുടുംബങ്ങൾക്ക് 50,000/- രൂപ വീതം മുൻസർക്കാർ നൽകിയിട്ടുണ്ട്. |
| ഡി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിന്റെ ഭാഗമായി പ്രസ്തുത പ്രദേശങ്ങളിലെ കുളങ്ങളും കിണറുകളും ഉൾപ്പെടെയുള്ള ജലാശയങ്ങൾ പരിശോധിച്ച് ശുദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | ഡി) ജലാശയങ്ങൾ ശുദ്ധീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| ഇ) ദുരിതബാധിതരായ കുട്ടികൾക്കായി പ്രത്യേക സ്കൂളുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഇ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ബാധിത മേഖലയായുള്ള 7 പഞ്ചായത്തുകളിൽ ബഡ്സ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി പഞ്ചായത്തുകളിൽ കൂടി ബഡ്സ് സ്കൂളുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.